# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6798** **04.04.2018-ൽ മറുപടിയ്ക്ക്**

## ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ഡോ.എം. കെ. മുനീർ<br>ശ്രീ.എം. ഉമ്മർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി<br>2. മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി<br>3. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ പി.എസ്.സി, ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി.<br>4. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തടയൽ പദ്ധതി.<br>5. മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം.<br>6. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള ലംപ്സം ഗ്രാന്റ്, പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം ഇഗ്രാന്റ് മുഖേന വിതരണം ചെയ്യുന്ന പദ്ധതി.<br>7. ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾക്ക് ആർ.എസ്.ബി.വൈ. മുഖേനയുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.<br>8. മെഡിക്കൽ ക്യാമ്പ്.<br>9. മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി<br>10. മത്സ്യ വിഭവ പരിപോഷണത്തിനായി സീറാഞ്ചിംഗ് പദ്ധതി. |
| ബി) പ്രസ്തുത വിഭാഗത്തിനുവേണ്ടിയുള്ള പഞ്ഞമാസ സമാശ്വാസപദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | ബി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കു വേണ്ടി സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതിക്കുവേണ്ടി ഉൾനാടൻ മത്സ്യത്തൊഴിലാളികളിൽ നിന്നും 250/- രൂപ വീതമുള്ള 6 ഗഡുക്കളിലായി |

1500/- രൂപ സ്വീകരിക്കുകയും ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ 4500/- രൂപ ജൂലായ്, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലായി ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷം സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ഭാഗമായി 21,894 ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് 6,56,83,000/- രൂപ അനുവദിച്ചിട്ടുണ്ട്. 2017-18 സമ്പാദ്യ സമാശ്വാസ പദ്ധതിക്കു വേണ്ടിയുള്ള ഗുണഭോക്തൃ വിഹിത ശേഖരണം ജില്ലകളിൽ പുരോഗമിക്കുന്നു.

സി) ഇവരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് 2016-17-ൽ എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

സി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 2016-17 സാമ്പത്തിക വർഷം ചെലവഴിച്ച തുക സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം 1999.13 ലക്ഷം രൂപ, എസ്.സി.ആർ.എസ് 3309.32 ലക്ഷം രൂപ, ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് 223.16 ലക്ഷം രൂപ, മത്സ്യത്തൊഴിലാളികൾക്കുള്ള പെൻഷൻ ആനുകൂല്യം വിതരണം ചെയ്യാൻ 6002 ലക്ഷം, തണൽ പദ്ധതിയ്ക്കായി 3200 ലക്ഷം എന്നിങ്ങനെ ചെലവഴിച്ചിട്ടുണ്ട്. ഉൾനാടൻ, തീരദേശം എന്ന തരത്തിൽ വേർതിരിച്ച കണക്ക് ലഭ്യമായിട്ടുള്ളത് സമ്പാദ്യ സമാശ്വാസ പദ്ധതിയുടേത് മാത്രമാണ്. സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ഭാഗമായി ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് 2016-17 സാമ്പത്തിക വർഷം 3,74,07,200/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

സെക്ഷൻ ആഫീസർ